## (54.) മുറിഞ്ഞകൽ സെന്റ് തെരേസാ മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

**ജൂബിലി**

അവിഭക്ത തിരുവനന്തപുരം അതിരൂപതയുടേയും ഇപ്പോൾ പത്തനംതിട്ട രൂപതയുടേയും അതിൽ കോന്നി വൈദിക ജില്ലയുടേയും ഭാഗമായി പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ കൂടൽ വില്ലേജിൽ കലഞ്ഞൂർ പഞ്ചായത്തിൽ മുറിഞ്ഞകൽ തപാലാപ്പീസിനു കീഴിൽ വരുന്ന മുറിഞ്ഞകൽ സെന്റ് തെരേസാ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം ഈദൃശ ദൈവ, മനുഷ്യ സമാഗമ, സംഗമ വേദിയായി പരിണമിച്ച് ഇപ്പോൾ പ്ലാറ്റിനം ജൂബിലിയുടെ പകിട്ടിലേക്ക് പ്രവേശിക്കുന്നു എന്നത് ഏവരെയും ഹർഷപുളകിതരാക്കുന്ന, ആദരവാൽ നമ്രശിരസ്ക്കരാക്കുന്ന വാർത്തതന്നെ. കാരണം, എഴുപത്തിയഞ്ച് അനുഗ്രഹ വർഷങ്ങളിലായി ഈ ദൈവാലയത്തിലൂടെ ഒഴുകിയിറങ്ങിയ പ്രസാദവരങ്ങളേയും ദൈവകൃപകളേയും ഏതു തുലാസിൽ തൂക്കിനോക്കി തിട്ടപ്പെടുത്താനാകും!! താപസ ശ്രേഷ്ഠൻ, പുനരൈക്യശിൽപി, ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ മഹാപുണ്യകരങ്ങളാൽ തഴുകിയനുഗ്രഹിച്ചു പാകിയ ശിലയിന്മേലാണ് നമ്മുടെ ഇടവക അടിസ്ഥാനമിട്ടിരിക്കുന്നതെന്ന അപൂർവ്വചാരുത ജൂബിലി സന്തോഷങ്ങളുടെ മാറ്റുകൂട്ടുന്നു. മൺമറഞ്ഞ പൂർവ്വസൂരികളുടെയും പുരോഹിതഗണിന്റേയും ആശീർവ്വാദപ്പൂമഴ ആഘോഷങ്ങളെ കൂടുതൽ സുഗന്ധപൂരിതവും ആസ്വാദ്യവുമാക്കുന്നു. അത്യുന്നതന്റെ തിരുമുമ്പിലും വിശുദ്ധ വ്യൂഹത്തോടു ചേർന്നും പൂർവ്വപിതാ സ്മൃതികളിലും നമ്രശിരസ്സുകളോടെ, കൃതജ്ഞതാശ്രുക്കളോടെ, പാദപൂജകളോടെയല്ലാതെ ജൂബിലിയെ വരവേൽക്കാൻ നമുക്കാകില്ല.

**പുനരൈക്യം**

വളരെ എളിയ തുടക്കമായിരുന്നു നമ്മുടേത്. കഠിനാധ്വാനികളായ നമ്മുടെ മാതാപിതാക്കന്മാർ മണ്ണിനോടു മല്ലിട്ട്, വന്യജീവികളോടു പടവെട്ടി ജീവിതം കരുപ്പിടിപ്പിക്കാൻ നെട്ടോട്ടമോടുമ്പോഴും ദൈവത്തെ മാത്രം ആശ്രയമാക്കാനും പ്രാർത്ഥനയിൽ അഭയം തേടാനും വിശുദ്ധിയോടെ ജീവിക്കുവാനും സത്യത്തെ അന്വേഷിക്കുവാനും ബോധ്യത്തോടെ അത് പുൽകുവാനും കാട്ടിയ ആവേശിന്റേയും ചങ്കൂറ്റത്തിന്റേയും സാഹസത്തിന്റേയും നേർച്ചിത്രമാണ് ഈ ഇടവകയും ദൈവാലയവും അതിന്റെ പിൻതലമുറക്കാരായ നമ്മളും. തങ്ങൾ ഗമിക്കുന്ന വഴി നിത്യജീവന്റെ പൂർണ്ണതയിലേക്കെത്തില്ല എന്ന ദൈവാത്മ പ്രേരണയാലുള്ള തിരിച്ചറിവാണ് പുണ്യശ്ലോകൻ മാർ ഈവാനിയോസ് തിരുമേനി വെട്ടിത്തെളിച്ച, നിരവധി പ്രതിസന്ധങ്ങളെ ഏൽക്കേണ്ടിവരുന്ന, ഭൗതിക നേട്ടങ്ങളാലൊന്നും ആകർഷിക്കപ്പെടാത്ത പുനരൈക്യ സത്യപാതയിലേക്ക് എഴുപത്തിയഞ്ച് വർഷങ്ങൾക്ക് മുമ്പ് എടുത്തുചാടി യാത്ര തുടരാൻ അവർക്കിടയാക്കിയത്.

**ആദ്യജാതർ**

പുനരൈക്യ പ്രസ്ഥാനത്തിന്റേയും അതുവഴി മലങ്കര കത്തോലിക്കാ സഭയുടെയും ഈ പ്രദേശത്തു നിന്നുള്ള ആദ്യകാല ധീര, വീര യോദ്ധാക്കളാണ് നമ്മുടെ പൂർവ്വ പിതാമഹന്മാരായ ആലപ്പുറത്ത് (പീടികയിൽ) കൊച്ചുകുട്ടി, മത്തായി, കുട്ടപ്പൻ, പുത്തൻവിള പടിഞ്ഞാറ്റേതിൽ ജോർജ്ജ്, കരിമരിനാൽ ഐപ്പ് ഐപ്പ്, തെങ്ങുവിളയിൽ ഗീവർഗ്ഗീസ്, പാറക്കടവിൽ ഈശോ എന്നിവരും അവരുടെ കുടുംബാംഗങ്ങളും. കലഞ്ഞൂർ ഓർത്തഡോക്സ് പള്ളിയിൽ അംഗങ്ങളായിരുന്ന അവർ 1945 ൽ വകയാർ മലങ്കര കത്തോലിക്കാ പള്ളിയിലെത്തി വികാരി മുമ്പാകെ സത്യവിശ്വാസം ഏറ്റുപറഞ്ഞ് കത്തോലിക്കാ സഭയുടെ മക്കളായി. ഏറെ പ്രതിഷേധങ്ങളും അവഹേളനങ്ങളും പ്രതിസന്ധങ്ങളും നേരിടേണ്ടിവന്നു അന്നവർക്ക്. ഒരു വർഷത്തിലധികം ദീർഘദൂരം യാത്രചെയ്താണ് വകയാറെത്തി ദിവ്യകർമ്മങ്ങളിൽ അവർ പങ്കെടുത്തിരുന്നത്. പിന്നീട് മുറിഞ്ഞകല്ലിൽ ഇടവക ആരംഭിച്ചപ്പോൾ പുനരൈക്യ സൂരികളായ ഈ സപ്തസംഘവും കുടുംബാംഗങ്ങളും ഇടവകയുടെ ആദ്യജാതൻമാരുമായി.

**ചാപ്പലും വി. കൊച്ചുത്രേസ്യയും**

കണ്ണീരോടെയുള്ള നമ്മുടെ പിതാക്കന്മാരുടെ പ്രാർത്ഥനയുടെ ഫലമായി ഇപ്പോഴത്തെ പുനലൂർ മൂവാറ്റുപുഴ മലയോര ഹൈവേയോടു ചേർന്ന് നാം ഇന്ന് കാലൂന്നിനിൽക്കുന്ന ഒരേക്കറിലധികം വരുന്ന വസ്തു വാങ്ങി ഒരു ചാപ്പൽ ആരംഭിക്കാൻ ദൈവകരുണയാൽ സാധിച്ചു. പുനരൈക്യമെന്ന മഹാസംഭവം നടന്നതിന്റെ പിന്നിൽ വിശുദ്ധ കൊച്ചുത്രേസ്യായുടെ പ്രത്യേക മാധ്യസ്ഥമുണ്ടായിരുന്നുവെന്ന് മാർ ഈവാനിയോസ് പിതാവിന്റെ ചരിത്രം പറയുന്നു. കൊച്ചുത്രേസ്യായുടെ മാധ്യസ്ഥ്യത്തിനുള്ള നന്ദിയായിട്ടുകൂടെയാണ് മാർ ഈവാനിയോസ് പിതാവ് പ്രത്യേക താല്പര്യമെടുത്ത് സെന്റ് തെരേസാ എന്ന് നാമകരണം ചെയ്ത് തൃക്കരങ്ങളാൽ 1946 മെയ് 7 ആം തീയതി ചാപ്പലിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചത്. വന്ദ്യ ഗീവർഗ്ഗീസ് കുറ്റിയിൽ അച്ചനാണ് ഈ ഇടവകയുടെ ആദ്യ വികാരിയായി നിയോഗിക്കപ്പെട്ടത് വസ്തു വാങ്ങുന്നതിനും ചാപ്പൽ നിർമ്മിച്ച് കൂദാശ ചെയ്യുന്നതിനും നേതൃത്വം നല്കിയത്. നമ്മുടെ സഭയിൽ വളരെ കുറച്ചു ദൈവാലയങ്ങൾ മാത്രമേ വിശുദ്ധ കൊച്ചുത്രേസ്യായുടെ നാമത്തിലുള്ളൂ എന്നതും നമ്മുടെ അഭിമാനം വർദ്ധിപ്പിക്കുന്നു.

**കുരിശ്ശടി**

ചാപ്പലിനോടൊപ്പം വിശുദ്ധ കൊച്ചുത്രേസ്യായുടെ നാമത്തിൽ വഴിയരികിൽ ഒരു കുരിശ്ശൂടിയും സ്ഥാപിച്ച് കൂദാശ ചെയ്യപ്പെട്ടു എന്നതും നമ്മുടെ ഭാഗ്യം. അന്നുമുതൽ ഇന്നുവരെയും ഒരു തീർത്ഥാടന സ്ഥലത്തെന്നപോലെ നാനാജാതി മതസ്ഥരായ നിരവധിപ്പേർ ദിവസേന കുരിശ്ശടിയിലെത്തി പ്രാർത്ഥിച്ച് ധാരാളം അനുഗ്രഹങ്ങൾ പ്രാപിച്ചു വരുന്നുവെന്നതിൽ പരമകാരുണികനും കൊച്ചുത്രേസ്യായ്ക്കും സ്തുതി.

**പുതിയ ദൈവാലയവും പുതിയ കുരിശ്ശടിയും**

വന്ദ്യ ഗീവർഗ്ഗീസ് ചുട്ടിവട്ടത്തച്ചൻ വ്യക്തിപരമായി നടത്തിവന്നിരുന്ന ദൈവാലയിലെ ശുശ്രൂഷകൾ നിർത്തേണ്ടിവന്നപ്പോൾ നമ്മുടെ ഇടവകയിലേക്ക് ധാരാളം പേർ അംഗങ്ങളായി ചേർന്നു. അംഗസംഖ്യ വളരെ കൂടിയപ്പോൾ ചാപ്പൽ തുടങ്ങി പ്ത്ത വർഷിനകംതന്നെ വലിയ പള്ളി നിർമ്മിക്കേണ്ടിതിന്റെ ആവശ്യകതയുണ്ടായി. ശൂരനാട്ട് താഴിയത്തച്ചൻ വികാരിയായിരിക്കുമ്പോൾ 1956 ഫെബ്രുവരി 18 ആം തീയതി വന്ദ്യ ചേപ്പാട്ട് പീലിപ്പോസ് റമ്പാച്ചൻ പുതിയ പള്ളിയുടെ അടിസ്ഥാനശില സ്ഥാപിച്ചു. ഇടവകാംഗങ്ങളുടെ തീക്ഷ്ണമായ പ്രാർത്ഥനയുടെയും കഠിനാധ്വാനത്തിന്റെയും അകമഴിഞ്ഞ സഹകരണിന്റെയും അരമനയിൽ നിന്നുള്ള നിസ്സീമമായ സഹായത്തിന്റെയും ഫലമായി ഒരു വർഷം കൊണ്ടുതന്നെ ഇന്നു നാം ബലിയർപ്പിക്കുന്ന ദൈവാലയം നിർമ്മിക്കപ്പെട്ടു. അന്ന് സമീപ പ്രദേശങ്ങളിൽ വച്ച് ഏറ്റവും പ്രൌഢവും വലുതും മനോഹരവുമായിരുന്നു നമ്മുടെ ദൈവാലയം. 1957 ഏപ്രിൽ 10 ആം തീയതി അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ തൃക്കരങ്ങളാൽ പുതിയ ദൈവാലയം കൂദാശ ചെയ്യപ്പെട്ടു. അന്നുമുതൽ ഈ ദൈവാലയം ഈ ഗ്രാമത്തിന്റെ ആത്മീയ സ്രോതസ്സും വെളിച്ചവും സഭയുടെ അഭിമാനവുമായി നിലകൊള്ളുന്നു. ചാപ്പൽ കൂദാശ ചെയ്യപ്പെട്ടതിനെ 32 ആം വാർഷികത്തിൽ ജോസഫ് വടക്കേക്കൂറ്റ് അച്ചൻ വികാരിയായിരിക്കുമ്പോൾ 1978 മെയ് 7 ആം തീയതി വി. കൊച്ചുത്രേസ്യായുടെ നാമത്തിലുള്ള പുതിയ കുരിശ്ശടിക്ക് ശിലാസ്ഥാപനം നടത്തുകയും 1979 സെപ്തംർ 7 ആം തീയതി അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി കൂദാശാകർമ്മം നിർവ്വഹിക്കുകയും ചെയ്തു.

**വളർച്ചയുടെ നാൾവഴികൾ**

ജോൺ കുറ്റിയിൽ അച്ചൻ വികാരി ആയിരിക്കുമ്പോഴാണ് 1985 ൽ പള്ളിപ്പുരയിടിനു ചുറ്റുമതിൽ കെട്ടിയതും ഗേയ്റ്റ് സ്ഥാപിച്ചതും 1987-ൽ സ്റ്റേജും അതിനോടു ചേർന്ന് വൈദികമന്ദിരം നിർമ്മിച്ചതും. മാത്യു മാടപ്പള്ളിൽ അച്ചന്റെ കാലത്ത് 2005-ൽ മണിമേടയും 2006 ൽ പള്ളിക്കകത്ത് സീലിങ്ങും ഹോർമീസ് പുത്തൻവീട്ടിൽ അച്ചന്റെ കാലത്ത് 2010-ൽ സെല്ലാറും (കൂട്ടക്കല്ലറ) ജോഷ്വാ താഴത്തേതിൽ അച്ചന്റെ കാലത്ത് 2012 ൽ മോണ്ടളവും (പോർച്ച്) ഗീവർഗ്ഗീസ് പുതുപ്പറമ്പിൽ അച്ചന്റെ കാലത്ത് 2017-ൽ മദ്ബഹായ്ക്കകത്ത്

പുനരലങ്കാരങ്ങളും പണിയപ്പെട്ടു. ഇരുനിലകളിലായി നൂറിനോടടുത്ത് കല്ലറകളുള്ള ബൃഹത്തായ, ഏറെ പ്രയോജനപ്രദമായ സെല്ലാർ 2010 ഏപ്രിൽ 10-ന് അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയാണ് കൂദാശ ചെയ്തത്. സർക്കാറിന്റെ കൂടംകുളം വൈദ്യുത പദ്ധതിക്കുവേണ്ടി 2018-ൽ നമ്മുടെ പുരയിടത്തിന്റെ കുറച്ചു ഭാഗം വിട്ടുകൊടുത്തു.

ആത്മീയമായും ഭൗതികമായും ദ്രുതഗതിയിലായിരുന്നില്ലെങ്കിലും അംഗസംഖ്യയിലും ഇടവക അനുസ്യൂതം വളർന്നുകൊണ്ടിരിക്കുന്നു. സജീവവും വളരെ ചുരുക്കമായി അത്ര സജീവമല്ലാതുമായ 91 കുടുംബങ്ങളിലായി ഏകദേശം 350-ഓളം അംഗങ്ങളാണ് ഇപ്പോൾ നമുക്കുള്ളത്. നല്ല വിശ്വാസ, കൂദാശാ ജീവിതം നയിക്കുന്നവരാണധികവും. മിക്കവരും നല്ല കഠിനാധ്വാനികളായ കൃഷിക്കാരാണ്, ഏതാനുംപേർ ചെറിയ വ്യാപാരങ്ങളിലും മറ്റും ഏർപ്പെട്ടിരിക്കുന്നു. വളരെച്ചുരുക്കമായി സർക്കാർ ഉദ്യോഗസ്ഥരുമുണ്ട്. കുറച്ചുപേർ വിദേശങ്ങളിലാണ്. പ്രതിഭാശാലികളായ ഇളം തലമുറയിലുള്ളവരിലാണ് നമ്മുടെ പ്രതീക്ഷയത്രയും.

**ആത്മീയ പിതാക്കന്മാർ**

നമുക്കുവേണ്ടി പ്രാർത്ഥിച്ചും ബലികളും കൂദാശകളും അനുഷ്ഠിച്ചും ആവശ്യമായ ശുശ്രൂഷകളും ശക്തമായ നേതൃത്വവും നല്കി കാലാകാലങ്ങളിൽ വികാരിമാരായിരുന്നവരുടെ ത്യാഗപൂർണ്ണമായ സേവനമാണ് ഇടവകയുടെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്ക് നിദാനം.

വന്ദ്യ വൈദികരായ ഗീവർഗ്ഗീസ് കുറ്റിയിൽ (1946-47), ജോസഫ് മണവാളൻ (1947-54, 1960-68), വാഴപ്പിള്ളേത്ത് വല്യച്ചൻ (1954-56), ശൂരനാട്ട് താഴിയത്ത് അച്ചൻ (1956-60), ദാനിയേൽ തോട്ടം (1968-73), ജോസഫ് മാക്കീൽ (1973-75), ജോസഫ് വടക്കേക്കൂറ്റ് (1975-83), ഇടിക്കുള പാണ്ടിയ്ത്ത (1983), ജോൺ കുറ്റിയിൽ (1983-88), ഗീവർഗ്ഗീസ് ചീനിവിള (1988-91), യോഹന്നാൻ മുളമൂട്ടിൽ (1991-96), മാത്യു കയ്യാലക്കൽ (1996-97), മാത്യു ഇലഞ്ഞിക്കൽ (1997-99), ഗീവർഗ്ഗീസ് നടുതല (1999-2000), സാമുവേൽ ഇടമണ്ണിൽ (2000-01), മാത്യു മാടപ്പള്ളിൽ (2001-07), ഫിലിപ്പ് ദയാനന്ദ് (2007-08), ഹോർമിസ് പുത്തൻവീട്ടിൽ (2008-10), ഗീവർഗ്ഗീസ് കൂത്തനേത്ത് (2010-12), ജോഷ്വാ താഴത്തേതിൽ (2012-14), ജോസഫ് കുരുമ്പിലേത്ത് (2014-15), ഗീവർഗ്ഗീസ് (ജോയ്സി) പുതുപ്പറമ്പിൽ (2015-18), തോമസ് (ജോമോൻ) ചിറയത്ത് (2018-19) എന്നിവർ നല്കിയ സേവനങ്ങളെ ആദരവോടെ സ്മരിക്കാം; അവരിൽ പരേതരായവരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം. അഗസ്റ്റിൻ വിരുപ്പേൽ, മാത്യു പേഴുംമ്മൂട്ടിൽ, റോബിൻ കലദിവിള എന്നീ വൈദികർ സഹവികാരിമാരായി അനുഷ്ഠിച്ച സേവനങ്ങളേയും നന്ദിയോടെ സ്മരിക്കാം. 2019 മുതൽ ജോസഫ് (ജയിംസ്) സ്റ്റീഫൻ ഓലിക്കൽ അച്ചൻ വികാരിയായി സേവനമനുഷ്ഠിച്ചു വരുന്നു. ത്യാഗപൂർവ്വം സേവനമനുഷ്ഠിച്ചിട്ടുള്ള ബഥനി, മേരീമക്കൾ മഠങ്ങളിലെ എല്ലാ സിസ്റ്റേഴ്സിനെയും നന്ദിയോടെ ഓർക്കാം.

1997-99 കാലത്ത് മാത്യു ഇലഞ്ഞിക്കൽ അച്ചനും 2012-14 കാലത്ത് ജോഷ്വാ താഴത്തേതിൽ അച്ചനും 2019 മുതൽ ജോസഫ് (ജയിംസ്) സ്റ്റീഫൻ ഓലിക്കൽ അച്ചനും നമ്മുടെ വൈദിക മന്ദിരത്തിൽ താമസിച്ചുകൊണ്ടാണ് വികാരിമാരായി ശുശ്രൂഷ ചെയ്തിരുന്നത്.

**കൈക്കാരന്മാരും കാര്യദർശികളും**

ഇടവകയുടെ വളർച്ചയ്ക്ക് വികാരിമാരോടു ചേർന്ന് നിർണ്ണായക പ്രവർത്തനം കാഴ്ചവച്ചവരാണ് കാലാകാലങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി അംഗങ്ങളും അവരിൽ നിന്നുള്ള ട്രസ്റ്റി, സെക്രട്ടറിമാരും. ശ്രീമാൻമാരായ ബേബി പെരുമല, കുരുവിള പീടികയിൽ, ജോർജ്ജ് പുത്തൻപീടിക, ജോയ് പീടികയിൽ, തങ്കച്ചൻ പുത്തൻപീടിക, ഡേവിഡ് മാമ്മൂട്ടിൽ, തങ്കച്ചൻ തെങ്ങുവിളയിൽ, തങ്കച്ചൻ കരിമരിനാൽ, തമ്പി പീടികയിൽ, രാജു ഈട്ടിവിളയിൽ, പൊന്നച്ചൻ പൗവ്വത്ത്, പാപ്പൻ കരിമരിനാൽ, ഫിലിപ്പോസ് അച്ചുതൻപറമ്പിൽ, സാംകുട്ടി കരിമരിനാൽ, ഫിലിപ്പ് താബോർമല, തോമസ് പടേനിക്കൽ, ജോർജ്ജ് കരിമരിനാൽ, ബിനോ ബാബു പാറക്കടവിൽ,

അനിയൻ തെങ്ങുവിളയിൽ, ഡേവിഡ് കാപ്പിൽ, ബിജു തെങ്ങുവടക്കേതിൽ, ജേക്കബ് പടേനിക്കൽ, അനു അനിയൻ താബോർമല, അജി കളീലുവിള, ജോർജ്ജ്, ഷാജി കരിമരിനാൽ, സജി ഞവരക്കൽ, ബാബു ഡാനിയേൽ പാറക്കടവിൽ (പട്ടിക പൂർണ്ണമല്ല) എന്നിവർ വിവിധ ഘട്ടങ്ങളിൽ ട്രസ്റ്റിമാരും സെക്രട്ടറിമാരും ആയി അനുഷ്ഠിച്ച നിസ്തുല സേവനങ്ങളേയും നന്ദിയോടെ സ്മരിക്കാം. സണ്ടേസ്കൂൾ അദ്ധ്യാപകരായും പ്രഥമാദ്ധ്യാപകരായും ഭക്തസംഘടനാ ഭാരവാഹികളായും അൾത്താര ശുശ്രൂഷകരായും മറ്റും സേവനമനുഷ്ഠിച്ച വിശ്വാസ വളർച്ചയിൽ നമ്മളെ സഹായിച്ച ഓരോരുരും ജൂബിലി വർഷത്തിൽ നന്ദിയോടെ, പ്രാർത്ഥനാപൂർവ്വം സ്മരിക്കപ്പെടേണ്ടവരാണ്. ഇവരിൽ മൺമറഞ്ഞവരുടെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കാം.

**ദൈവവിളി**

ആചാര്യശുശ്രൂഷാ ദൈവവിളിയാൽ സമ്പന്നമാണ് നമ്മുടെ ഇടവക. സഭയിൽ വിവിധ ശുശ്രൂഷാ മേഖലകളിൽ നിസ്തുല സേവനം നടത്തിവരുന്ന ബഥനി സന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ ജോസ് കുരുവിള പീടികയിൽ ഒ. ഐ. സി., ക്രിസ്റ്റി ജോൺ കരിമരിനാൽ ഒ. ഐ. സി., അലോഷ്യസ് കരിമരിനാൽ ഒ. ഐ. സി., പോൾ ജോർജ്ജ് താബോർമല ഒ. ഐ.സി., മാത്യു (ജെംസോ) പടേനിക്കൽ എന്നിവർ നമ്മുടെ അഭിമാന സ്തംഭങ്ങളാണ്. കൂടുതൽ ദൈവവിളികൾക്കായി നമ്മൾ പ്രാർത്ഥിക്കുന്നു.

**കർമ്മാനുഷ്ഠാനങ്ങൾ**

രൂപതയുടെയും സഭയുടെയും എല്ലാ പൊതുപ്രവർനങ്ങളിലും നമ്മൾ സജീവ പങ്കാളികളാണ്. വിശ്വാസ പരിശീലനം (സണ്ടേസ്കൂൾ), എം.സി. സി. എൽ., എം.സി. വൈ. എം., മാതൃസംഘം, എം. സി. എ., വിൻസന്റ് ഡി. പോൾ എന്നിവ ഇടവകയിൽ പ്രവർത്തിച്ചു വരുന്നു. ഇടവകാംഗങ്ങളെ നാല് പ്രാർത്ഥനാക്കൂട്ടായ്മകളായി തിരിച്ച് എല്ലാ ഞായറാഴ്ചകളിലും ക്രമമനുസരിച്ച് വീടുകളിൽ വച്ച് പ്രത്യേക പ്രാർത്ഥനകൾ നടത്തുന്നു. വൈദികർ മന്ദിരിൽ താമസിക്കുന്ന അവസരങ്ങളിൽ എല്ലാ ദിവസവും മറ്റവസരങ്ങളിൽ ഞായറാഴ്ചകളിലും എല്ലാ വിശേഷ ദിവസങ്ങളിലും വി. കൂർബ്ബാനയും കൂദാശകളും അനുഷ്ഠിച്ചു വരുന്നു. വി. കൊച്ചുത്രേസ്യായുടെ തിരുന്നാൾ ദിനമായ ഒക്ടോബർ 1 നോടനുന്ധിച്ച് ഇടവകപ്പെരുന്നാളും കൂടാതെ എട്ടുനോമ്പും വി. ഗീവർഗ്ഗീസ് സഹദായുടെ പെരുന്നാളും മറ്റ് എല്ലാ പ്രധാന തിരുന്നാളുകളും വിപുലമായ തിരുക്കർമ്മങ്ങളോടെ ആചരിക്കുന്നതിൽ നമ്മൾ മുൻപന്തിയിലാണ്. വി. കൊച്ചുത്രേസ്യായോടുള്ള മധ്യസ്ഥപ്രാർത്ഥന മുടക്കം കൂടാതെ നടത്താൻ സാധിക്കുന്നത് വലിയ ദൈവാനുഗ്രഹം. പള്ളിയിൽ പൊതുവായതും വ്യക്തിപരമായതുമായി ഏറ്റെടുത്തു നടത്തിവരുന്ന വിവിധ പരോപകാരപ്രവർത്തനങ്ങൾ നമ്മുടെ വിശ്വാസ ജീവിതത്തിന്റെ അവിഭാജ്യ ഭാഗമാക്കിയിട്ടുണ്ട് എന്നതും ശ്ലാഘനീയം തന്നെ.

**കൂപ്പുകൈ**

ജൂബിലി വർഷം പുണ്യങ്ങൾ വിരിഞ്ഞു വിളയേണ്ടുന്ന വസന്തകാലം, ചടഞ്ഞുകൂടിയതിനെ ചടുലമാക്കാനുള്ള തീപ്പൊരിക്കാലം, വരണ്ട നീർച്ചാലുകളിൽ കൃപാഭിഷേകപ്പെരുമഴയൊഴുകേണ്ട വർഷകാലം. ആഹ്ലാദാരവങ്ങളോടെ പിന്നിലേക്കു തിരിഞ്ഞ് ദൈവകൃപകൾക്ക് നന്ദി പറയാനും കൈപിടിച്ചു നടത്തിയവരെ, വളർത്തിയവരെ, ആശീർവദിച്ചവരെ ആദരവോടെ പ്രണമിക്കാനും സമഗ്രവികസനം ലക്ഷ്യമാക്കി പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിൽ വരുത്താനും അപരനെ കരുതുവാനും ആലംഹീനർക്ക് കൈത്താങ്ങാകാനും പ്രതിഭാശാലികളെ ഉത്തേജിപ്പിച്ച് നൈപുണ്യപൂർണ്ണരാക്കാനും ധാരമുറിയാതെ സ്തോത്രങ്ങളും സ്തുതികളും കരേറ്റപ്പെടാനും ആത്മീയമായും ഭൗതികമായും കുതിച്ചുചാട്ടം നടത്താനും സ്വർഗ്ഗീയവഴി സുഗമമാക്കി നിത്യജീവനിക്ഷേപത്തിലേക്ക് കരുതിവയ്ക്കാനുമുള്ള പുഷ്കലകാലം. ജൂബിലി സ്മാരകമുൾപ്പെടെ വിവിധ തലങ്ങളിൽ നിരവധി പദ്ധതികളാണ് ജൂബിലി വർഷത്തിൽ വിഭാവനം ചെയ്തിരിക്കുന്നത്. എല്ലാം മംഗളമാകാൻ സർവ്വശക്തൻ തുണയ്ക്കട്ടെ, പരിശുദ്ധമറിയവും വി. കൊച്ചു ത്രേസ്യായും സകല വിശുദ്ധരും മധ്യസ്ഥത വഹിക്കട്ടെ.